# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂൺ 11**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


## മഴക്കെടുതി; 117 കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു

ജില്ലയിൽ മഴക്കെടുതി ഏറ്റവും രൂക്ഷമായ കൊടുങ്ങല്ലൂർ താലൂക്കിൽ 117 കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു. കടലാക്രമണം നാശം വിതച്ച മേഖലകളിൽ തുറന്ന ക്യാമ്പുകളിലായി 29 കുട്ടികളടക്കം 423 പേരാണ് കഴിയുന്നത്. എറിയാട് വില്ലേജിൽ കടൽകയറ്റം രൂക്ഷമായതിനെ തുടർന്ന് എറിയാട് ബീച്ച്, മണപ്പാട്ടുച്ചാൽ, ചേരമാൻ ബീച്ച്, ആറാട്ടുവഴി, പേബസാർ എന്നിവിടങ്ങളിൽ നിന്നും 113 പേരെയാണ് എറിയാട് കേരളവർമ്മ ഹയർസെക്കണ്ടറി സ്കൂളിൽ തുറന്നിട്ടുള്ള ക്യാമ്പിലേക്ക് മാറ്റിയത്. 407 പേരാണ് ഇവിടെ കഴിയുന്നത്. എടവിലങ്ങ് വില്ലേജിൽ നാല് കുടുംബങ്ങളിലായി 16 പേരെ കാര സെന്റ് ആൽബന സ്കൂൾ ക്യാമ്പിലേക്ക് മാറ്റി.

കടലേറ്റം രൂക്ഷമാകുന്ന ചാവക്കാട് താലൂക്കിൽ തീരദേശവാസികളെ മാറ്റിപ്പാർപ്പിക്കാൻ എല്ലാവിധ സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്. സുനാമിഷെൽട്ടറുകൾ തയ്യാറാണെങ്കിലും മിക്ക കുടുംബങ്ങളും ബന്ധുവീടുകളിൽ അഭയം തേടിയതിനാൽ ആരും താമസത്തിനെത്തിയിട്ടില്ല. മേഖലയിലെ കടൽഭിത്തിക്ക് സമീപമുള്ള വീടുകൾക്ക് പിറകിൽ തിരമാലകൾ ആഞ്ഞടിക്കുന്നത് മൂലമാണ് ഈ ഭാഗത്തുള്ള വീടുകൾ സുരക്ഷാഭീഷണി നേരിടുന്നത്. കടലാക്രമണം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകടമേഖലയിൽ നിന്ന് ഒഴിയാനുള്ളവർ എത്രയും പെട്ടെന്ന് വീടൊഴിയണമെന്ന് തഹസിൽദാർ അറിയിച്ചു.

## തൃശൂർ ജില്ലയിൽ 12, 14 തീയതികളിൽ മഞ്ഞ അലേർട്ട്

കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ മന്ത്രാലയത്തിന്റെ പുതുക്കിയ മഴ പ്രവചനം പ്രകാരം ജൂൺ 12, 14 തീയതികളിൽ തൃശൂർ ജില്ലയിൽ മഞ്ഞ അലേർട്ട് പ്രഖ്യാപിച്ചു. കൂടാതെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലും മഞ്ഞ അലേർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. മഞ്ഞ അലേർട്ട് പ്രഖ്യാപിക്കപ്പെട്ട ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ മഴ (24 മണിക്കൂറിൽ 12 സെൻറി മീറ്റർ വരെ) ലഭിക്കാനുള്ള സാധ്യതയാണ് കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രം പ്രവചിച്ചിരിക്കുന്നതെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

## ജില്ലയിൽ 1200 സ്കൂൾ വാഹനങ്ങൾക്ക് ഫിറ്റ്നസ്;

## 146 എണ്ണത്തിന്റെ ഫിറ്റ്നസ് റദ്ദാക്കി

ജില്ലയിൽ പുതിയ അധ്യയന വർഷം ആരംഭിച്ചതോടെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 1200 വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയതായി ജില്ലാ ജോയിന്റ് ആർ ടി ഒ ശ്രീപ്രകാശ് അറിയിച്ചു. അതേ സമയം കഴിഞ്ഞ അധ്യയന വർഷം ഓടിയ 146 സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് റദ്ദാക്കി. തൃശൂർ ആർ ടി ഒ ഓഫീസിനു കീഴിലുള്ളവയിലെയും ഇരിങ്ങാലക്കുട, ചാലക്കുടി, ഗുരുവായൂർ, കൊടുങ്ങല്ലൂർ, വടക്കാഞ്ചേരി, തൃപ്രയാർ സബ് ആർ ടി ഒ ഓഫീസുകൾക്കു കീഴിലുള്ള സ്കൂളുകളിലെയും ബസ് ഉൾപ്പെടെയുള്ള വാഹനങ്ങളാണ് ആർ ടി ഒ യുടെ നേതൃത്വത്തിൽ പരിശോധിച്ചത്.

പുതിയ അധ്യയന വർഷം ആരംഭിക്കുന്നതിനു മുൻപായി ജില്ലയിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും വിദ്യാർത്ഥികളുടെ യാത്രാ സുരക്ഷിതത്വം ഉറപ്പുവരുത്തണമെന്ന് ജില്ലാ മോട്ടോർ വാഹന വകുപ്പ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിർദേശം നൽകിയിരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ബസുകൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ അധ്യയന വർഷം ആരംഭിക്കുതിനു മുൻപു തന്നെ ടെസ്റ്റ് നടത്തണമെന്ന് നിർബന്ധമുണ്ടായിരുന്നു.

വാഹനത്തിന്റെ ആർ സി ബുക്ക്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ഇൻഷൂറൻസ് സർട്ടിഫിക്കറ്റ്, പെർമിറ്റ്, ടാക്സ് ടോക്കൺ, പുക പരിശോധന സർട്ടിഫിക്കറ്റ്, ഡ്രൈവർ സർട്ടിഫിക്കറ്റ് മുതലായ രേഖകൾ വാഹനത്തിൽ തന്നെ സൂക്ഷിക്കണമെന്നും ഇവയുടെയെല്ലാം കാലാവധി രേഖപ്പെടുത്തിയ ഒരു പകർപ്പ് വാഹനത്തിനുള്ളിൽ കാണുന്ന വിധത്തിൽ പ്രദർശിപ്പിക്കണമെന്നും അല്ലാത്തപക്ഷം കർശന നടപടി സ്വീകരിക്കുമെന്നും ആർ ടി ഒ അറിയിച്ചു.

## വായനാ പക്ഷാചരണം ജൂൺ 19 മുതൽ;

## സംഘാടക സമിതി രൂപീകരിച്ചു

സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെയും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെയും ആഭിമുഖ്യത്തിൽ ജൂൺ 19 മുതൽ ജൂലൈ ഏഴ് വരെ ജില്ലയിൽ നടത്തുന്ന വായനാപക്ഷാചരണത്തിന്റെ സംഘാടക സമിതി രൂപീകരിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മേരി തോമസ് രക്ഷാധികാരിയായ സമിതിയുടെ ചെയർമാൻ ജില്ലാ കളക്ടർ ടി.വി. അനുപമയാണ്. ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി കെ.എൻ. ഹരിയാണ് കൺവീനർ.

ജില്ലാതല ഉദ്ഘാടനം ജൂൺ 19ന് രാവിലെ 10 മണിക്ക് തൃശൂരിലെ കേരള സാഹിത്യ അക്കാദമി ഹാളിൽ നടത്തും. അന്നേ ദിവസം ഉച്ചതിരിഞ്ഞ് ഉപജില്ലാതല ഉദ്ഘാടനങ്ങളും നടത്തും. ജൂലൈ ഏഴിന് താലൂക്ക് തലത്തിൽ വായനാ പക്ഷാചരണത്തിന്റെ സമാപന പരിപാടികൾ നടത്തും. ജൂൺ 15 നകം വിദ്യാഭ്യാസ ഉപജില്ലാതലത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറുമാർ ചെയർമാൻ/ചെയർപേഴ്സണായും ജില്ലാ ലൈബ്രറി കൗൺസിൽ പ്രതിനിധി കൺവീനറായും സംഘാടക സമിതികൾ രൂപീകരിക്കാൻ സംഘാടക സമിതി യോഗം തീരുമാനിച്ചു. തുടർന്ന് പഞ്ചായത്ത് അടിസ്ഥാനത്തിലും സമിതികൾ രൂപീകരിക്കും.പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വായനാപക്ഷാചരണം വിപുലമായി സംഘടിപ്പിക്കും. എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും അവിടുത്തെ ലൈബ്രറികളുടെ സഹായത്തോടെ സെമിനാർ, പുസ്തക പ്രദർശനം, അനുസ്മരണ പ്രഭാഷണം എന്നിവ സംഘടിപ്പിക്കും.

സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ എല്ലാ തുടർസാക്ഷരത കേന്ദ്രങ്ങളിലും വായനപക്ഷാചരണ പരിപാടികൾ സംഘടിപ്പിക്കും.

തൃശൂർ ജില്ല വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ നടന്ന യോഗത്തിൽ ഡി.ഡി.ഇ ഇൻചാർജ് എ.കെ. സുലോചന അധ്യക്ഷത വഹിച്ചു. ഐ.പി.ആർ.ഡി മേഖലാ ഡെപ്യൂട്ടി ഡയറക്ടർ വി.പി സുലഭ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ബി. സേതുരാജ്, ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി കെ.എൻ. ഹരി, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ തുടങ്ങിയവർ പങ്കെടുത്തു.

## ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനം : ഉപന്യാസ-ക്വിസ് മത്സരം

ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷത്തിന്റെ ഭാഗമായി സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് കോളേജ് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പൊതുജനങ്ങൾക്കും ഉപന്യാസ മൽസരം സംഘടിപ്പിക്കുന്നു. 'നവകേരള നിർമിതിയിൽ സ്റ്റാറ്റിസ്റ്റിക്സ് എങ്ങനെ പ്രയോജനപ്പെടുത്താം' എന്ന വിഷയത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കി ജൂൺ 25 നകം അയ്യന്തോൾ സിവിൽ

സ്റ്റേഷനിലെ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ജില്ലാ ഓഫീസിൽ നൽകണം. മൽസരത്തിൽ പങ്കെടുക്കാത്തവർക്കും മേൽവിഷയത്തിൽ തങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കാം. ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരവും സംഘടിപ്പിക്കുന്നു. ജൂൺ 26 രാവിലെ 10.30 ന് അയ്യന്തോൾ സിവിൽ സ്റ്റേഷനിലെ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ജില്ലാ ഓഫീസിലാണ് മത്സരം. ഒരു സ്കൂളിൽ നിന്ന് രണ്ട് പേർ അടങ്ങുന്ന ഒരു ടീമിന് മത്സരത്തിൽ പങ്കെടുക്കാം. താൽപര്യമുള്ളവർ പ്രിൻസിപ്പാളിന്റെ ശുപാർശ കത്ത് സഹിതം അന്നേ ദിവസം രാവിലെ 10 ന് രജിസ്ട്രേഷന് എത്തണം. ഫോൺ : 0487-2361339, 9072770295.

# 20 വാഹനങ്ങൾ ലേലം ചെയ്യുന്നു

തൃശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയുടെ അധീനതയിൽ തൃശൂർ ജില്ലാ സായുധസേന കമാണ്ടിന്റെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ള പോലീസ് ഡിപ്പാർട്ട്മെന്റിന് ഉപയോഗയോഗ്യമല്ലാത്ത 20 വാഹനങ്ങൾ ജൂലൈ 16 രാവിലെ 11 ന് ഓഫീസിൽ ലേലം ചെയ്യും. ഫോൺ : 0487-2423511.

# എടവിലങ്ങ് പഞ്ചായത്തിൽ ആർഎസ്ബിവൈ ചിസ് സ്മാർട്ട് കാർഡ് പുതുക്കൽ തുടങ്ങി

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കി വരുന്ന ആർ.എസ്. ബി.വൈ-ചിസ് സ്മാർട്ട് കാർഡ് 2018-19 പുതുക്കൽ എടവിലങ്ങ് പഞ്ചായത്തിൽ ആരംഭിച്ചു. കാര സാംസ്കാരിക നിലയത്തിൽ ആരംഭിച്ച പുതുക്കൽ ജൂൺ മാസം 24 വരെ പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിലായി നടക്കും. രാവിലെ പത്ത് മുതൽ വൈകീട്ട് അഞ്ച് വരെയാണ് സമയം. നിലവിൽ കാലാവധിയുള്ള സ്മാർട്ട് കാർഡ് - റേഷൻ കാർഡ് എന്നിവ എടുത്ത് കുടുംബാംഗങ്ങളിൽ ആരെങ്കിലും ഒരാൾ പുതുക്കൽ കേന്ദ്രത്തിൽ എത്തിയാൽ മതിയാകും. 30 രൂപയാണ് പുതുക്കൽ ഫീസ്. പുതുക്കൽ കേന്ദ്രം, തീയതി എന്നിവ ചുവടെ. ഊട്ടുപുര ഹാൾ- ജൂൺ 12, 13, 35 ഗ്രാമ ന മ്പർ അങ്കണവാടി-14, കാര ഗവ.ഫിഷറീസ് സ്കൂൾ-15,16, ഈഴവ മരണാനന്തരസംഘം-17, മദ്രസ ഹാൾ-18, കാര സാംസ്കാരിക നിലയം-19, 20, എടവിലങ്ങ് പഞ്ചായത്ത് ഹാൾ-21, 22, 24, കാര സെ ന്റ് ആൽബന സ്കൂൾ-23.

# ജില്ലാ ആസൂത്രണ സമിതി 14 ന്

ജില്ലാ ആസൂത്രണ സമിതി യോഗം ജൂൺ 14 ഉച്ച 2.30 ന് ജില്ലാ ആസൂത്രണഭവൻ കോൺഫറൻസ് ഹാളിൽ ചേരും.

# ഓണത്തിന് പുത്തരിച്ചോറും വിഷരഹിത പച്ചക്കറിയും : പദ്ധതിയുമായി ആർത്താറ്റ് കൃഷിഭവൻ

ഓണത്തിന് പുത്തരിച്ചോറും വിഷരഹിത പച്ചക്കറിയും ഉൽപാദിപ്പിക്കാൻ കർഷകർക്ക് ആ നുകൂല്യം നൽകുന്ന പദ്ധതിയുമായി കുന്നംകുളം നഗരസഭയിലെ ആർത്താറ്റ് കൃഷി ഭവൻ. ഓണ ത്തിന് വിളവെടുക്കാവുന്ന തരത്തിൽ മണ്ണുത്തി അഗ്രോ റിസർച്ച് സെന്ററിൽ നിന്ന് ഉൽപാദിപ്പിച്ചെ ടുത്ത പുതിയ ഇനം നെൽവിത്തായ മനുരത്നയാണ് കർഷകർക്ക് വിതരണം ചെയ്യുന്നത്. മൂപ്പു കുറഞ്ഞതും അത്യുൽപാദന ശേഷിയുള്ള മനുരത്ന നെൽവിത്ത് കൃഷിഭവൻ പരിധിയിലെ അപേ ക്ഷകർക്ക് സൗജന്യമായാണ് നൽകിവരുന്നത്. ഹെക്ടറിൽ 13,600 രൂപയാണ് സബ്സിഡിയായി നൽ കുക. കൃഷിഭവൻ പരിധിയിലെ കൃഷി സംഘങ്ങൾക്കും നെൽവിത്തുകൾ വിതരണം ചെയ്തു വരു ന്നുണ്ട്. കൃഷിയിറക്കിയതിനു ശേഷം സബ്സിഡി നിരക്കിൽ വളവും നൽകും. സെപ്തംബർ ആദ്യ വാരം കൊയ്തെടുക്കാവുന്ന തരത്തിലാണ് കൃഷിരീതികൾ തയ്യാറാക്കിയിട്ടുള്ളത്. ഇതിന്റെ പ്രവർ ത്തനങ്ങൾക്കായി കൃഷി സ്ഥലങ്ങളിൽ കൃഷിഭവനിലെ ഉദ്യോഗസ്ഥർ നേരിട്ടെത്തി പരിശോധന ന ടത്തുകയും കർഷകർക്ക് മാർഗനിർദേശങ്ങൾ നൽകുകയും ചെയ്യും.

വിഷരഹിത പച്ചക്കറി ഉൽപാദിപ്പിക്കുന്നതിനായി വിത്തുകൾ ലഭിക്കുന്നതിന് കർഷകർ കൃഷിഭവനിൽ രജിസ്റ്റർ ചെയ്യണം. പച്ചക്കറി വിത്തുകൾ, പ്രോ ട്രേകളിൽ മുളപ്പിച്ച വിവിധയിനം തൈകൾ എന്നിവയാണ് വിതരണം ചെയ്യുന്നത്. തക്കാളി, മുളക്, വഴുതന, പയർ, പടവലം, പാവൽ മുതലായ മുളപ്പിച്ച തൈകളും ചീര, മുളക്, വെണ്ട, മത്തൻ തുടങ്ങിയ വിത്തുകളും വിതരണം ചെയ്യും. വിവരങ്ങൾക്ക് ഫോൺ : 04885 222460.

## ഇഡിപി ട്രെയിനിംഗ് ആരംഭിച്ചു

കുന്നംകുളം നഗരസഭയിൽ നഗര ദരിദ്രർക്ക് സ്വയം തൊഴിൽ സംരംഭം നടത്തുന്നതിനുള്ള മൂന്നു ദിവസത്തെ ഇഡിപി ട്രെയിനിംഗ് ആരംഭിച്ചു. കുടുംബശ്രീ എൻ യുഎൽഎം പദ്ധതിയുടെ ഭാഗമായി നഗരപ്രദേശത്തെ ദരിദ്ര ജനവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ട് ഒറ്റക്കോ കൂട്ടായോ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ച സംരംഭകർക്കുള്ള തൊഴിൽ പരിശീലനമാണിത്. ട്രെയിനിംഗ് പ്രോഗ്രാം നഗരസഭ ചെയർ പേർസൺ സീത രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. സി ഡി എസ് ചെയർ പേർസൺ ഷിജി നികേഷ് അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി കെ.കെ. മനോജ്, ഹെൽത്ത് സൂപ്പർവൈസർ കെ.എസ്.ലക്ഷ്മണൻ, സി ഡി എസ് ചെയർ പേർസൺ സൗമ്യ അനിലൻ എന്നിവർ സംസാരിച്ചു. കുടുംബശ്രീയിൽ അംഗത്വമുള്ള കുടുംബത്തിലെ സ്ത്രീക്കോ പുരുഷനോ ഈ പദ്ധതി പ്രകാരം രണ്ട് ലക്ഷം രൂപ വരെ 4 മുതൽ 7 ശതമാനം വരെ പലിശക്ക് വായ്പ അനുവദിക്കും. കൃത്യമായി സംരംഭം നടത്തി കൊണ്ട് പോകുന്ന സംരംഭകർക്ക് മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്. എൻ യുഎൽഎം പദ്ധതി പ്രകാരം കുന്നംകുളം നഗരസഭാ പ്രദേശത്ത് നിലവിൽ 51 സംരംഭങ്ങൾ നടന്നുവരുന്നുണ്ട്. തൃശ്ശൂർ ജില്ലയിൽ സംരംഭങ്ങളുടെ എണ്ണത്തിൽ കുന്നംകുളം നഗരസഭ ഒന്നാം സ്ഥാനത്താണ്. സിറ്റി മിഷൻ മാനേജർ സിമിനയുടെ നേതൃത്വത്തിലുള്ള എൻയുഎൽഎം ടീമാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

## ക്ഷീര കർഷക സമ്പർക്ക പരിപാടി

പൂപ്പത്തി ക്ഷീര കർഷക സംഘത്തിന്റെ ആഭിമുഖ്യത്തിൽ ക്ഷീര വികസന വകുപ്പും മാള ക്ഷീര വികസന യൂണിറ്റും ചേർന്ന് ക്ഷീര കർഷക സമ്പർക്ക പരിപാടി സംഘടിപ്പിച്ചു. സംഘം പ്രസിഡണ്ട് എൻ രഞ്ജിത്ത് അദ്ധ്യക്ഷത വഹിച്ചു. മാള ക്ഷീര വികസന ഓഫീസർ ജ്യൂണി ജോസ് റോഡ്റിഗ്സ് പദ്ധതി വിശദീകരിച്ചു. ശാസ്ത്രീയ പശു പരിപാലനം എന്ന വിഷയത്തിൽ ഡോ.ഏബിൾ പി വർഗീസ് ക്ലാസെടുത്തു. ക്ഷീര കർഷക സംഘം വൈസ് പ്രസിഡന്റ് ഇ.പി.രാജീവ്, സെക്രട്ടറി കെ.എസ്.സന്ധ്യ എന്നിവർ സംസാരിച്ചു.

## ഇന്റേൺഷിപ്പ്

കോഴിക്കോട് കെൽട്രോൺ നോളജ് സെന്ററിൽ ബി ടെക് / ബി ഇ പൂർത്തിയായവർക്കും ഫലം പ്രതീക്ഷിക്കുന്നവർക്കുമായി ഇന്റേൺഷിപ്പിന് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്കും അപേക്ഷഫോറത്തിനും കെൽട്രോൺ നോളജ് സെന്റർ, അംബേദ്കർ ബിൽഡിങ്, റെയിൽവേ ലിങ്ക് റോഡ്, കോഴിക്കോട് എന്ന വിലാസത്തിൽ ബന്ധപ്പെടുക. ഫോൺ : 8089245760.

## വയോജനങ്ങൾക്ക് ആശ്വാസമായി എറിയാട് പഞ്ചായത്തിൽ വയോജന അയൽക്കൂട്ടം

60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കൈത്താങ്ങായി എറിയാട് പഞ്ചായത്തിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ വയോജന അയൽക്കൂട്ടം പദ്ധതി. കുടുംബശ്രീയിൽ നിന്നും വ്യത്യസ്തമായി 60 വയസ്സിനു മുകളിലുള്ള പുരുഷനും സ്ത്രീക്കും ഇതിൽ അംഗങ്ങളാകാം. ഭാരവാഹികൾ സ്ത്രീകളാകണമെന്ന് മാത്രം. വയോജനങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ വേണ്ടി ആവിഷ്കരിച്ച അയൽക്കൂട്ടങ്ങൾ കുടുംബശ്രീ ജില്ലാമിഷന് കീഴിലാണ് പ്രവർത്തിക്കുക. 10 മുതൽ 20 വരെ അംഗങ്ങൾ ഒരു അയൽക്കൂട്ടത്തിലുണ്ടാകും. ഇക്കഴിഞ്ഞ മാർച്ചിലാണ് പദ്ധതി പഞ്ചായത്തിൽ പ്രാവർത്തികമാക്കുന്നത്. ആദ്യഘട്ടത്തിൽ അഞ്ച് വാർഡുകളിൽ അയൽക്കൂട്ടം രൂപീകരിച്ചു. നിലവിൽ 23 വാർഡുകളാണ് പഞ്ചായത്തിലുള്ളത്. പദ്ധതിയ്ക്കായി അനു

വദിച്ച തുക ലഭ്യമായാലുടൻ ഓരോ വാർഡുകളിലേക്കും പദ്ധതി വ്യാപിപ്പിക്കാൻ എറിയാട് പഞ്ചായത്ത് സി.ഡി.എസ്. ഒരു അയൽക്കൂട്ട യൂണിറ്റിന് സംരംഭം തുടങ്ങുന്നതിനായി 15,000 രൂപയും തുടർ പ്രവർത്തനങ്ങൾക്ക് റിവോൾവിംഗ് ഫണ്ടായി 15,000 രൂപയുമാണ് ലഭ്യമാകുക. സംരംഭങ്ങൾ തുടരുന്നിടത്തോളം കാലം ആദ്യം ലഭിച്ച ഫണ്ട് തിരിച്ചടക്കേണ്ടതില്ല. കുടുംബശ്രീ മിഷന്റെ കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ടിൽ നിന്നും ആവശ്യമുള്ള അംഗങ്ങൾക്ക് ഒരു വർഷ കാലാവധിയിൽ 50000 രൂപ വായ്പ നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നു. പതിനെട്ടാം വാർഡിൽ തന്നെ ഇതിനകം നാല് അയൽക്കൂട്ട യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. 22-ാം വാർഡിൽ പകൽവീട് പദ്ധതിയെ അയൽക്കൂട്ട പദ്ധതിയുമായി ബന്ധിപ്പിക്കുവാനുള്ള ശ്രമങ്ങൾക്കും തുടക്കമിട്ടുണ്ട്. മാസത്തിൽ രണ്ട് തവണയാണ് അയൽക്കൂട്ടങ്ങൾ ചേരുന്നത്.

സംസ്ഥാന സർക്കാർ 2015 നവംബറിൽ മൂന്നുവർഷത്തേക്ക് പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച പദ്ധതിയാണ് വയോജന അയൽക്കൂട്ടം. പദ്ധതി വിജയകരമായതോടെ പദ്ധതി കാലാവധി നീട്ടുകയായിരുന്നു. ആരോഗ്യം, ഉപജീവനം, സാമൂഹ്യരംഗം എന്നിങ്ങനെ മൂന്നു മേഖലകൾ കേന്ദ്രീകരിച്ചാണ് ഇവ പ്രവർത്തിക്കുന്നത്. ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ബോധവൽക്കരണ പരിപാടികൾ, മെഡിക്കൽ ക്യാമ്പുകൾ, യോഗ പരിശീലനം എന്നിവ സംഘടിപ്പിക്കാം. ഉപജീവന മേഖല കേന്ദ്രീകരിച്ചും വയോജന അയൽകൂട്ടങ്ങളിൽ വിപുലമായ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കും. വയോജനങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനുവേണ്ടി വിവിധ പദ്ധതികളിലായി ധനസഹായവും സർക്കാർ ലഭ്യമാക്കുന്നുണ്ട്. ഒരു പഞ്ചായത്തിലെ വയോജന അയൽക്കൂട്ടങ്ങളുടെ നേതൃത്വം കുടുംബശ്രീ നിയോഗിച്ച ഒരു വയോജന അനിമേറ്റർക്കായിരിക്കും. വയോജന യോഗം ചേരുന്നതിനും ബാങ്ക് ഇടപാടുകൾ സംബന്ധിച്ചുമെല്ലാം ഈ അനിമേറ്റർ മാർക്ഷ നിർദ്ദേശങ്ങൾ നൽകുന്നു. സാമൂഹ്യ നീതി വകുപ്പുമായി ചേർന്നു മുതിർന്ന പൗരന്മാരുടെ വിവിധ കലാപരിപാടികൾ ഒരുക്കുവാനും ഇവർ സഹായിക്കുന്നു.

## അക്കൗണ്ട് ഓഡിറ്റ് : അപേക്ഷിക്കാം

തൃശൂർ ജില്ലാ ദാരിദ്ര്യലഘൂകരണ വിഭാഗം മുഖാന്തിരം നടപ്പിലാക്കി കൊണ്ടിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ 2018-19 സാമ്പത്തിക വർഷത്തിലെ അക്കൗണ്ടുകൾ ഓഡിറ്റ് ചെയ്യുന്നതിന് താൽപ്പര്യമുള്ള അംഗീകൃത ചാർട്ടേഡ് അക്കൗണ്ടന്റുമാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ളവർ ജൂൺ 12 നകം അപേക്ഷ പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യലഘൂകരണ വിഭാഗം, ജില്ലാ പഞ്ചായത്ത് കെട്ടിടം, അയ്യന്തോൾ, തൃശൂർ എന്ന വിലാസത്തിൽ നൽകണം. ഫോൺ : 0487-2365720.

## താൽക്കാലിക നിയമനം

ഗവ. മെഡിക്കൽ കോളേജിൽ പ്രോജക്ട് റിസർച്ച് ഫെല്ലോ തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. സൈക്യാട്രി അല്ലെങ്കിൽ കമ്മ്യൂണിറ്റി നഴ്സിങ്ങിലുള്ള ബിരുദാനന്തര ബിരുദമാണ് യോഗ്യത. താൽപര്യമുള്ളവർ പ്രായം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ജൂൺ 19 രാവിലെ 10 ന് കോളേജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ എത്തണം. ഫോൺ : 0487-2200315, 2200318.

## മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും നല്കി

കൊടുങ്ങല്ലൂർ നഗരസഭ വാർഷിക പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും നൽകി. പദ്ധതി പ്രകാരം 30,000 രൂപയുടെ വള്ളവും വലയുമാണ് ഓരോ തൊഴിലാളിക്കുമായി നൽകിയത്. ഒന്നേകാൽ ലക്ഷത്തോളം രൂപയാണ് സബ്സിഡിയായി ഈ പദ്ധതിയിൽ നൽകുന്നത്. മത്സ്യത്തൊഴിലാളികളുടെ മക്കളായ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ നൽകിയതും ഈ പദ്ധതിയിലാണ്. നഗരസഭ ഓഫീസ് പരിസരത്ത് നടന്ന ചടങ്ങിൽ ചെയർമാൻ കെ.ആർ.ജൈത്രൻ, ആനാപ്പുഴ ചേരിങ്കപറമ്പിൽ സജികുമാറിനും, കോട്ടപ്പുറം വൈപ്പിൻകാട്ടിൽ ഇസ്മയിലിനും വള്ളവും വലയും

നൽകി ഉദ്ഘാടനം ചെയ്തു. ഫിഷറീസ് ഇൻസ്പെക്ടർ പി.പി. സിന്ധു, പി.എൻ.രാമദാസ്, സി.കെ.രാമനാഥൻ, വി.ജി.ഉണ്ണികൃഷ്ണൻ, നഗരസഭ കൗൺസിലർമാർ തുടങ്ങിയവർ പങ്കെടുത്തു.

## തീയതി നീട്ടി

ഐ.എച്ച്.ആർ.ഡിയുടെ കീഴിൽ പ്രവർത്തിക്കുന്ന എട്ട് മോഡൽ പോളിടെക്നിക് കോളേജുകളിൽ 2019-20 അദ്ധ്യയനവർഷത്തിൽ ഡിപ്ലോമ പ്രവേശനത്തിന് അപേക്ഷിക്കുവാനുള്ള അവസാന തീയതി ജൂൺ 17 വരെ നീട്ടി. വിശദവിവരങ്ങൾ അഡ്മിഷൻ പോർട്ടലിൽ ലഭ്യമാണ്.